2023
SEPTEMBER
04
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ഓഗസ്റ്റിൽ ജിഎസ്ടി വരുമാനം 1.59 ലക്ഷം കോടി

**ന്യൂഡൽഹി:** ഓഗസ്റ്റിൽ രാജ്യമാകെയുള്ള ജിഎസ്ടി വരുമാനം 1.59 ലക്ഷം കോടി രൂപ. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 11% വളർച്ചയുണ്ടായി. തുടർച്ചയായി 19 മാസമായി വരുമാനം 1.4 ലക്ഷം കോടിക്ക് മുകളിലാണ്. ജൂലൈയിൽ 1.65 ലക്ഷം കോടിയായിരുന്നു വരുമാനം.

കേന്ദ്രത്തിന് അർഹതപ്പെട്ട ജിഎസ്ടി (സിജിഎസ്ടി) 28,328 കോടി, സംസ്ഥാനത്തിനുള്ള ജിഎസ്ടി (എസ്ജിഎസ്ടി)35,794 കോടി, ഒന്നിലേറെ സംസ്ഥാനങ്ങളിലായി നടക്കുന്ന ഇടപാടുകൾക്കുള്ള ഇന്റഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി)83,251 കോടി, സെസ്11,695 കോടി എന്നിങ്ങനെയാണ് വരുമാനം.

കഴിഞ്ഞ മാസത്തെ ജിഎസ്ടി വരുമാനത്തിൽ സംസ്ഥാന സർക്കാരിന് 13% വർധന. 2022 ഓഗസ്റ്റിൽ 2,036 കോടിയായിരുന്നു ജിഎസ്ടി വരുമാനം. ഇത് 2,306 കോടിയായി വർധിച്ചു. ഓണക്കാലത്ത് സംസ്ഥാനത്ത് വിപണി ഉണരുന്നതിനാൽ വിൽപന പൊടിപൊടിക്കുകയും ജിഎസ്ടി വരുമാനം കുതിച്ചുയരുകയും ചെയ്യും. ഈ മാസം സമർപ്പിക്കുന്ന ജിഎസ്ടി റിട്ടേണിലാണ് ഓണക്കാലത്തെ ചെലവുകൾ ഉൾപ്പെടുക.

അതിനാൽ, അടുത്ത മാസം ഒന്നിന് പുറത്തു വിടുന്ന കണക്കിലാകും ഓണക്കാലത്തെ വരുമാനക്കുതിപ്പ് അറിയാൻ കഴിയുക. കഴിഞ്ഞ മാസത്തെ 13% വർധന സംസ്ഥാന സർക്കാരിന് വലിയ ആശ്വാസം നൽകുന്നതല്ല. ജിഎസ്ടിക്കു മുൻപ് വാർഷിക നികുതി വളർച്ചനിരക്ക് 14 ശതമാനമായിരുന്നു.

## 2,000 രൂപ നോട്ടുകളിൽ 93% തിരിച്ചെത്തി: റിസർവ് ബാങ്ക്



**ന്യൂഡൽഹി:** വിനിമയത്തിലുള്ള 2,000 രൂപ നോട്ടുകളിൽ 93 ശതമാനവും 100 ദിവസത്തിനുള്ളിൽ തിരിച്ചെത്തിയതായി റിസർവ് ബാങ്ക്. മേയ് 19നാണ് 2,000 രൂപയുടെ കറൻസി പിൻവലിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം ആർബിഐ നടത്തിയത്. അന്ന് 3.56 ലക്ഷം കോടി രൂപയുടെ നോട്ടാണ് വിനിമയത്തിൽ ഉണ്ടായിരുന്നത്. മേയ് 23 മുതലായിരുന്നു കറൻസി മാറ്റിയെടുക്കാൻ അവസരം.

ഓഗസ്റ്റ് 31 വരെയുള്ള കണക്കനുസരിച്ച് 3.32 ലക്ഷം കോടിയുടെ നോട്ടുകൾ തിരികെയെത്തി.ചുരുക്കത്തിൽ ഏകദേശം 24,000 കോടി രൂപയുടെ 2,000 രൂപാ നോട്ടുകളാണ് നിലവിൽ വിനിമയത്തിലുള്ളത്. തിരികെയെത്തിയ നോട്ടുകളുടെ 87 ശതമാനവും ബാങ്ക് നിക്ഷേപമായാണ് എത്തിയത്. ബാക്കിയുള്ള 13% മാറ്റിയെടുത്തവയും. ഈമാസം 30 ആണ് നോട്ട് മാറ്റിയെടുക്കാനുള്ള അവസാന തീയതി.

# കേരളത്തിൽ കൃഷി കുറയുന്നു



**തിരുവനന്തപുരം :** കേരളത്തിൽ നെൽ,പച്ചക്കറി കൃഷി വിസ്തൃതിക്കു പുറമേ തോട്ട വിള ഫലവർഗ ഔഷധസസ്യ കൃഷിയുടെ വിസ്തൃതിയും കുറയുന്നു. തോട്ടവിള കൃഷിവിസ്തൃതി ഒരു വർഷത്തിനിടെ 0.25% കുറഞ്ഞു. 2020,21ൽ 6,87,014.15 ഹെക്ടർ സ്ഥലത്തായിരുന്നത് 2021, 22ൽ 6,85,309 ഹെക്ടറായി കുറഞ്ഞതായി സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര റിപ്പോർട്ടിൽ പറയുന്നു.

ഔഷധസസ്യക്കൃഷി ഒരു വർഷത്തിനിടെ 8.58% കുറഞ്ഞു. 1395.72 ഹെക്ടർ ആയിരുന്നത് 1276 ഹെക്ടറായി. ഫലവർഗക്കൃഷിയിൽ പൈനാപ്പിൾ ഒഴികെയുള്ളവയുടെ കൃഷി വിസ്തൃതി ഗണ്യമായി കുറഞ്ഞു. മാങ്ങക്കൃഷി മേഖല ആറു വർഷത്തിനിടെ 4,152 ഹെക്ടർ കുറഞ്ഞു (2015,16ൽ 79,992 ഹെക്ടർ; 2021,22 ൽ 75,840 ഹെക്ടർ). കേരളത്തിലെ ഫലവർഗക്കൃഷി നടക്കുന്നതിന്റെ 24.77% സ്ഥലത്ത് മാങ്ങയും 16.01% സ്ഥലത്ത് വാഴയുമാണ്. 2021,22 കണക്കു പ്രകാരം കേരളത്തിൽ 3,06,202 ഹെക്ടർ സ്ഥലത്താണ് ഫലവർഗക്കൃഷി. 101 ഹെക്ടറിൽ ഓറഞ്ചും 481 ഹെക്ടറിൽ നാരങ്ങയും (ചെറുതും വലുതും) കൃഷി ചെയ്യുന്നു. 13,273 ഹെക്ടറിൽ റംബൂട്ടാൻ, മാങ്കോസ്റ്റിൻ എന്നിവയുമുണ്ട്. ആകെ ഫലവർ!ഗക്കൃഷിയിൽ 11.83% പാലക്കാട്ടാണ്. ഇടുക്കി (10.09%), മലപ്പുറം (8.90%) എന്നിവ രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

എട്ടു വർഷത്തിനിടെ വാഴക്കൃഷിയിൽ 15.04% കുറവുണ്ടായി (2013,14ൽ 62, 261 ഹെക്ടർ; 2021,22 ൽ 49,020 ഹെക്ടർ). പൈനാപ്പിൾക്കൃഷി ഒരു വർഷത്തിനിടെ 4.45% വർധിച്ചു. നിലവിൽ 11,508 ഹെക്ടർ സ്ഥലത്താണ് കൃഷി. ഇതിൽ 51.29% (5,903 ഹെക്ടർ) എറണാകുളം ജില്ലയിലാണ്. കശുവണ്ടിക്കൃഷി 2011,12ൽ 54,052 ഹെക്ടർ ആയിരുന്നത് 2021,22 ൽ 32,369 ഹെക്ടറായി. കിഴങ്ങുവർഗക്കൃഷി 2020,21ൽ 14,949 ഹെക്ടർ ആയിരുന്നത് 21,22ൽ 14,019 ഹെക്ടറായി.

,കേരളത്തിന്റെ ഔദ്യോഗിക ഫലമായ ചക്കയുടെ കൃഷിയിൽ 2 വർഷത്തിനിടെ 4,334 ഹെക്ടറിന്റെ കുറവുണ്ടായി (2019,20ൽ 93,209 ഹെക്ടർച 2021,22 ൽ 88,873 ഹെക്ടർ). ഫലവർഗക്കൃഷി മേഖലയിൽ ആകെ വിസ്തൃതിയുടെ 29.02% ചക്കയാണ് കൃഷി ചെയ്യുന്നത്. ഉൽപാദനവും വിൽപനയും കൂട്ടാനുള്ള ശ്രമങ്ങളുടെ ഭാഗമായി 2018ലാണ് ചക്ക ഔദ്യോഗിക ഫലമായി പ്രഖ്യാപിച്ചത്. ചക്കയെ പ്രത്യേക ബ്രാൻഡ് ആക്കുന്നതിലൂടെയും വാണിജ്യപരമായി ഉപയോഗപ്പെടുത്തുന്നതിലൂടെയും 30,000 കോടി രൂപ വരുമാനം ഉണ്ടാക്കുമെന്നായിരുന്നു കൃഷി വകുപ്പിന്റെ പ്രഖ്യാപനം.

# ഇന്ത്യ ഈ വർഷം 6.7% വളരും: മൂഡീസ്

**ന്യൂഡൽഹി:** യുഎസ് ആസ്ഥാനമായ റേറ്റിങ് സ്ഥാപനമായ മൂഡീസ് ഇൻവെസ്റ്റേഴ്സ് സർവീസ് ഈ വർഷം ഇന്ത്യയ്ക്ക് 6.7% വളർച്ച പ്രവചിക്കുന്നു. നേരത്തെ 5.5% വളർച്ചയാണ് മൂഡീസ് പ്രവചിച്ചിരുന്നത്. സാമ്പത്തിക രംഗത്തെ കുതിപ്പ് പരിഗണിച്ചാണ് പ്രവചനം പുതുക്കിയത്. വിപുലമായ സേവന മേഖലയും മൂലധന വിനിയോഗവും വഴിയാണ് 2023ന്റെ രണ്ടാം പാദത്തിൽ ഇന്ത്യ നേടിയ 7.8% വളർച്ച കൈവരിച്ചതെന്ന് മൂഡീസിന്റെ വിശകലനമായ ഗ്ലോബൽ മാക്രോ ഔട്ട്ലുക് 2023, 24 ചൂണ്ടിക്കാട്ടുന്നു. എന്നാൽ 2024ലെ ഇന്ത്യയുടെ വളർച്ച 6.5% ആയിരിക്കും എന്ന പ്രവചനം 6.1% ആക്കി മൂഡീസ് കുറച്ചിട്ടുണ്ട്. 2023ലെ വളർച്ചയെ അടിസ്ഥാനമാക്കിയാണ് ഈ മാറ്റം.





# അമൃതയിൽ കരൾ മാറ്റിവച്ചവരുടെ കൂട്ടായ്മ ; അമൃതസ്പർശത്തിന് തുടക്കം

**കൊച്ചി:** അമൃത ആശുപത്രിയിൽ കരൾ മാറ്റിവച്ചവരുടെ കൂട്ടായ്മയായ അമൃതസ്പർശത്തിന് തുടക്കമായി. അമൃതയിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചിട്ട് 20 വർഷങ്ങൾ പൂർത്തിയാക്കുന്ന വേളയിലാണ് ലിവർ ഫൗണ്ടേഷൻ ഓഫ് കേരളയുമായി (ലിഫോക്ക്) സഹകരിച്ച് അമൃത ആശുപത്രി ഈ കൂട്ടായ്മ ആരംഭിച്ചിരിക്കുന്നത്. ആശുപത്രി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സിനിമാതാരം ആസിഫ് അലി കൂട്ടായ്മയുടെ ഉദ്ഘാടനം നിർവഹിച്ചു. കരൾ മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട് ഇന്ന് സമൂഹത്തിന് ഏറ്റവും ആവശ്യം ബോധവത്കരണമാണെന്ന് ആസിഫ് അലി പറഞ്ഞു.

ട്രാൻസ്പ്ലാന്റേഷൻ എന്ന ഘട്ടത്തിൽ എത്തിനിൽക്കുന്ന ഒരാളുടെ മുന്നിലുള്ള ചോദ്യങ്ങളും ആശങ്കകളും ഇല്ലാതാക്കുന്നതിനായി ഇത്തരം കൂട്ടായ്മകൾ വളരെ ഉപകാരപ്പെടുമെന്നും ആസിഫ് അലി കൂട്ടിച്ചേർത്തു.സിനിമാതാരങ്ങളായ ബാലയും സലിം കുമാറും ചടങ്ങിൽ മുഖ്യാതിഥികളായി. മോശമായ ആരോഗ്യസ്ഥിതിയുമായെത്തി പിന്നീട് അമൃത ആശുപത്രിയിലെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിലൂടെ സാധാരണജീവിതത്തിലേക്ക് മടങ്ങിയെത്തിയതിന്റെ വിശേഷങ്ങൾ ബാല സദസ്സുമായി പങ്കുവെച്ചു. ഈ ജീവിതത്തിന് എല്ലാവരോടും നന്ദി പറഞ്ഞ ബാല സദസ്സിനായി പാട്ട് പാടിയാണ് തന്റെ പ്രസംഗം




അവസാനിപ്പിച്ചത്. തന്റെ അസുഖത്തിന് പരിഹാരമായി ഡോക്ടർമാർ കരൾ മാറ്റിവയ്ക്കൽ നിർദേശിച്ചപ്പോൾ ഓപ്പറേഷനെ പേടിച്ച് നാട്ടുവൈദ്യൻമാരെ തേടിപ്പോയ തനിക്ക് പറ്റിയ അബദ്ധങ്ങളാണ് സ്വതസിദ്ധമായ നർമ്മഭാഷയിൽ സലിം കുമാർ പങ്കുവച്ചത്. പലരും മരണത്തെ തൊട്ടുമുന്നിൽ കാണുന്ന അവസരത്തിലാണ് കരൾരോഗങ്ങളെപ്പറ്റി അറിയുന്നതെന്നും ഈ ഘട്ടത്തിൽ ഇവരെ ജീവിതത്തിലേക്ക് തിരികെയെത്തിക്കുന്ന ഡോക്ടർമാർ ദൈവതുല്യരാണെന്നും സലിം കുമാർ കൂട്ടിച്ചേർത്തു.കഴിഞ്ഞ 20 വർഷത്തിനിടെ അമൃത ആശുപത്രിയിൽ 1200 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും 350 റോബോട്ടിക് ഡോണർ ഹെപാറ്റെക്ടമികളും നടത്താൻ സാധിച്ചതിൽ സന്തോഷവും അഭിമാനവുമുണ്ടെന്ന് ചടങ്ങിൽ സംസാരിച്ച അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ പറഞ്ഞു.

കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെയും അതിനുശേഷമുള്ള പരിചരണങ്ങളുടെയും ചിലവ് പരമാവധി കുറയ്ക്കുകയെന്നതാണ് ലക്ഷ്യമിടുന്നതെന്നും അമൃതസ്പർശത്തിലെ അംഗങ്ങൾക്ക് സഹായമൊരുക്കുന്നതിനായി അമൃത ലിവർ ഫൗണ്ടേഷനിലൂടെ ഉദ്ദേശിക്കുന്നതായും അദ്ദേഹം പറഞ്ഞു.

സോളിഡ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ വിഭാഗം മേധാവി ഡോ.എസ് സുധീന്ദ്രൻ, അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ.കെ.പി ഗിരീഷ് കുമാർ, ലിഫോക് ചെയർമാൻ മാത്യു ഫിലിപ്പ്, കോട്ടയം ഗവ.മെഡിക്കൽ കോളേജിലെ സിവിടിഎസ് വിഭാഗം മേധാവി ഡോ. ടി.കെ ജയകുമാർ, ജി.ഐ സർജറി വിഭാഗം മേധാവി ഡോ. ആർ.എസ് സിന്ധു, അമൃതയിലെ ജി.ഐ ആൻഡ് എച്ച്പിബി സർജറി ആൻഡ് റോബോട്ടിക് സർജറി വിഭാഗം മേധാവി ഡോ.ഒ.വി സുധീർ, ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം മേധാവി ഡോ. ഷൈൻ സദാശിവൻ, ഡോ.ദിനേഷ് ബാലകൃഷ്ണൻ, എന്നിവർ ചടങ്ങിൽ സംസാരിച്ചു.

ലോക അവയവദാന ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി അമൃത ആശുപത്രി നടത്തിയ പോസ്റ്റർ രചനാമത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം ചടങ്ങിൽ വിശിഷ്ടാതിഥികൾ ചേർന്ന് നിർവഹിച്ചു. കരൾ മാറ്റിവച്ച ആളുകൾക്ക് പരസ്പരം പരിചയപ്പെടാനും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും ഒപ്പം അവരുടെ ആശങ്കകൾ ഡോക്ടർമാരുമായി പങ്കുവെയ്ക്കാനുമുള്ള ഒരു വേദിയാണ് അമൃതസ്പർശത്തിലൂടെ അമൃത ആശുപത്രി ഒരുക്കുന്നത്.

## പന്മന ആശ്രമത്തിൽ ചട്ടമ്പി സ്വാമി ജയന്തി ആഘോഷങ്ങൾക്ക് തുടക്കം

**ചവറ:** അധികാരം മറ്റുള്ളവരെ അടിച്ചമർത്താനുള്ള ആയുധമായി കാണുന്ന ഈ കാലഘട്ടത്തിൽ അവരുടെ പൊള്ളത്തരങ്ങൾ തുറന്നു കാട്ടാനും സമൂഹത്തെ വഴികാട്ടാനും ചട്ടമ്പി സ്വാമിയെ പോലെയുള്ള ഗുരുക്കന്മാർ വീണ്ടും വരണമെന്നു മുതിർന്ന മാധ്യമ പ്രവർത്തകൻ എം.ജി.രാധാകൃഷ്ണൻ. ചട്ടമ്പി സ്വാമിയുടെ 170ാം ജയന്തി ആഘോഷത്തിന്റെ ഭാഗമായി പന്മന ആശ്രമത്തിൽ മാധ്യമ കേരളം സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു.

മാധ്യമപ്രവർത്തകരായ എസ്.അനിൽ, ജി.സജിത്ത് കുമാർ, ആർ.പ്രദീപ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. സ്വാമി നിത്യ സ്വരൂപാനന്ദ അധ്യക്ഷനായി. മഹാഗുരു വർഷം വൈസ് ചെയർമാൻ പ്രഫ.ശശിധരക്കുറുപ്പ് മോഡറേറ്ററായി. ജനറൽ കൺവീനർ വിഷ്ണു വേണുഗോപാൽ, കോഓർഡിനേറ്റർ ജി.ബാലചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ഇന്നു രാവിലെ 7ന് ഏകാഹ നാരായണീയ യജ്ഞം, വൈകിട്ട് 4.30നു മഹാഗുരു ബോധനം എന്നിവ നടക്കും.

നാളെ ജയന്തിദിനത്തിൽ രാവിലെ 9.30നു വാഴൂർ തീർഥപാദാശ്രമം മഠാധിപതി പ്രജ്ഞാനന്ദ തീർഥപാദർ ദീപം തെളിക്കും. രാവിലെ 10.30നു ജയന്തി സമ്മേളനം ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് എം.ആർ.ഹരിഹരൻ നായർ ഉദ്ഘാടനം ചെയ്യും. സുജിത്ത് വിജയൻപിള്ള എംഎൽഎ അധ്യക്ഷനാകും.

## കരിയാട്ടം എക്സ്പോ ടൂറിസം, വ്യാപാര മേഖലയ്ക്ക് കരുത്താകും: മന്ത്രി ശശീന്ദ്രൻ

**കോന്നി:** കരിയാട്ടം ടൂറിസം എക്സ്പോയ്ക്ക് വനം വകുപ്പിന്റെ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നതായി മന്ത്രി എ.കെ.ശശീന്ദ്രൻ. ടൂറിസം എക്സ്പോയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കരിയാട്ടം കോന്നിയുടെ ഉത്സവമാകുമെന്നും ടൂറിസം, വാണിജ്യ, വ്യാപാര മേഖലയ്ക്ക് കരുത്തു നൽകുമെന്നും മന്ത്രി പറഞ്ഞു. കെ.യു.ജനീഷ് കുമാർ എംഎൽഎ. അധ്യക്ഷത വഹിച്ചു. മന്ത്രി കെ.എൻ.ബാലഗോപാൽ കലാസന്ധ്യ ഉദ്ഘാടനം ചെയ്തു.

ഏറെ സാംസ്കാരിക പാരമ്പര്യമുള്ള പ്രദേശമാണ് കോന്നിയെന്നും ഇവിടത്തെ കലാരംഗത്തെ പ്രവർത്തകരെ അടക്കം ഒന്നിച്ചു ചേർത്തുള്ള കൂട്ടായ്മ സംഘടിപ്പിക്കാൻ കഴിയുന്നത് നാടിന്റെ നന്മയെയാണ് സൂചിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു. ചലച്ചിത്ര താരങ്ങളായ ഭാമ, നിയ ശങ്കരത്തിൽ, അൽ സാബിത്, മുൻ ദേവസ്വം ബോർഡംഗം എം.ബി.ശ്രീകുമാർ, സി.രാധാകൃഷ്ണൻ, രാജേഷ് ആക്ലേത്ത്, എൻ.ശശിധരൻ നായർ, രാജഗോപാൽ നായർ, എൻ.നവനിത്, ഷാജി കെ.സാമുവൽ, പി.ആർ.പ്രമോദ്, ശ്യാംലാൽ, ബിനോജ് എസ്.നായർ, എൻ.എസ്.മുരളി മോഹൻ, ജി.ബിനു കുമാർ, ജോജോ മോഡി, എ.ദീപകുമാർ, സംഗേഷ് ജി.നായർ, സി.സുമേഷ്, എം.അനീഷ് കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. സാംസ്കാരിക ഘോഷയാത്രയിൽ ഒന്നാം സ്ഥാനം ലഭിച്ച പ്രമാടം പഞ്ചായത്തിനു വേണ്ടി പ്രസിഡന്റ് എൻ.നവനിത് ഉപഹാരം മന്ത്രി കെ.എൻ.ബാലഗോപാലിൽ നിന്ന് ഏറ്റുവാങ്ങി.



# പെരുമ്പളം ദ്വീപിൽ തീച്ചിന്നൻ പക്ഷിയെ കണ്ടെത്തി

**തുറവൂർ:** പക്ഷിനിരീക്ഷകർ പെരുമ്പളം ദ്വീപിൽ നിന്ന് ഒരു പുതിയ അതിഥിയെ കൂടി കണ്ടെത്തി. ഇതോടുകൂടി ജില്ലയിലെ പക്ഷി ഇനങ്ങളുടെ എണ്ണം 307 ആയി. തീച്ചിന്നൻ (സ്മോൾ മിനിവെറ്റ്) എന്നാണ് ഈ പക്ഷി ഇനത്തിന്റെ പേര്. പൊതുവേ വനമേഖലകളിലും വൃക്ഷനിബിഡമായ പ്രദേശങ്ങളിലും കഴിയുന്ന ഇവയെ ജില്ലയിൽ ആദ്യമായിട്ടാണ് കാണുന്നത്. നാട്ടിൽ സാധാരണമായ ആറ്റക്കുരുവിയെക്കാൾ ചെറുതാണ്. എങ്കിലും നീണ്ടു നേരിയ വാലും പ്രത്യേകനിറവും മൂലം കാഴ്ചയിൽ വളരെ ആകർഷണമുണ്ട് തീച്ചിന്നന്.

ആൺപക്ഷിയുടെ തലയും പുറം കഴുത്തും മുതുകും ചാരനിറമാണ്. താടിക്കും കഴുത്തിനും ചിറകുകൾക്കും വാലിനും കറുപ്പു നിറമാണെങ്കിലും അവിടവിടെയായി ചുവപ്പു നിറത്തിലുള്ള അടയാളങ്ങളുണ്ട്. അടിഭാഗം ഇളം മഞ്ഞനിറം. വാലിനു തൊട്ടു മീതെയും മുതുകും കടും ചുവപ്പു നിറമായിരിക്കും. പെൺ പക്ഷികൾക്കു താടിയും കഴുത്തുമെല്ലാം മഞ്ഞ കലർന്ന ചാര നിറമായിരിക്കും. ചെറുപാറ്റകളും പുഴുക്കളുമൊക്കെയാണ് ഇഷ്ടഭക്ഷണം.



സർക്കാരിന് കീഴിലുള്ള പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്,തണ്ണീർത്തട അതോറിറ്റി,കാർഷിക സർവകലാശാല, ബേഡേഴ്സ് എഴുപുന്ന ഗ്രൂപ്പ് എന്നിവരുടെ നേതൃത്വത്തിൽ പെരുമ്പളം ദ്വീപിൽ മാസം തോറും നടത്തുന്ന പക്ഷിസർവേയുടെ ഭാഗമായിട്ടാണ് തീച്ചിന്നനെ കണ്ടെത്തിയത്. പക്ഷിനിരീക്ഷകരായ അർജുൻ സുരേഷ്, ബി.സുമേഷ് എന്നിവർ അടങ്ങുന്ന സംഘമാണ് പക്ഷിയെ തിരിച്ചറിഞ്ഞതും ചിത്രം പകർത്തിയതും.

# 89 കേന്ദ്രങ്ങളിൽ മൊബൈൽ ടവറുകൾ; നിർമാണം അവസാനഘട്ടത്തിൽ

**മൂന്നാർ :** ഇടുക്കി പാർലമെന്റ് മണ്ഡലത്തിൽ മൊബൈൽ കവറേജും ഇന്റർനെറ്റും ലഭ്യമല്ലാത്ത 89 കേന്ദ്രങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലെത്തിയതായി ഡീൻ കുര്യാക്കോസ് എംപി പറഞ്ഞു. അടുത്ത മാസം അവസാനത്തോടെ ഇവ പ്രവർത്തനമാരംഭിക്കും. കേന്ദ്ര സർക്കാരിന്റെ പ്രത്യേക പദ്ധതിയായ വിദൂര ഗ്രാമങ്ങളിലും പിന്നാക്ക പ്രദേശങ്ങളിലും ഇന്റർനെറ്റും മൊബൈൽ കവറേജും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന യൂണിവേഴ്സൽ സർവീസ് ഒബ്ലിഗേഷൻ ഫണ്ട് (യുഎസ്ഒഎഫ്) ഉപയോഗിച്ചാണ് ടവറുകൾ സ്ഥാപിക്കുന്നത്. പൂർണ്ണമായും കേന്ദ്ര സർക്കാർ മുതൽ മുടക്കിലാണ് പദ്ധതി. എല്ലാ ടവറുകളും 5 ജി ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളിലേക്ക് മാറ്റാൻ കഴിയുന്ന വിധത്തിലാണ് രൂപകൽപന.



കവറേജ് ലഭ്യമല്ലാത്ത 184 ഗ്രാമങ്ങളിൽ പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് 89 കേന്ദ്രങ്ങളിൽ ടവറുകൾ നിർമിക്കുന്നത്. ബിഎസ്എൻഎല്ലിന്റെ നിയന്ത്രണത്തിലും നടത്തിപ്പിലുമാണ് പദ്ധതി. ആകെയുള്ള 89 ടവറുകളിൽ 17 എണ്ണം സ്വകാര്യ വ്യക്തികളും 13 എണ്ണം കേന്ദ്രനിർദ്ദേശത്തെത്തുടർന്ന് വനം വകുപ്പും 21 സ്ഥലങ്ങൾ കണ്ണൻ ദേവൻ കമ്പനിയും വിട്ടു നൽകിയിട്ടുള്ള ഭൂമിയിലുമാണ് സ്ഥാപിക്കുന്നത്.

ദേവികുളം താലൂക്കിലെ കവക്കുടി, കമ്മളംകുടി, തായണ്ണൻ കുടി, കോഴിയളക്കുടി, വേലിയാംപാറക്കുടി, അമ്പലപടിക്കുടി, ചൂരക്കെട്ടൻ, നെല്ലിപ്പാറക്കുടി, പഴംമ്പിള്ളിച്ചാൽ, ആറാം മൈൽ, കമ്പിലൈൻ, കുറത്തിക്കുടി, പുതുക്കുടി, നടുക്കുടി, ചെമ്പക്കാട്, ഇഡലിപ്പാറക്കുടി, ഇരിപ്പുകല്ലുകുടി കവക്കാട്ടുകുടി, കേപ്പക്കാട്, അഞ്ചുവീട്, ഇരുട്ടളക്കുടി, പീച്ചാട്, പഴയ ദേവികുളം, അരുവിക്കാട് ഇസ്റ്റ്, പെരിയവര ആനമുടി, മെത്താപ്പ്, പ്ലാമലക്കുടി, കുഞ്ചിപ്പെട്ടി, അഞ്ചാം മൈൽ, തലമാലി, തീർത്തമലക്കുടി, ന്യൂ ചെണ്ടുവരെ, ചെണ്ടുവരെ ടോപ്, ചെണ്ടുവരെ പി.ആർ, കുണ്ടള, കന്നിമല ടോപ്, ചെണ്ടുവര നോർത്ത്, കടലാർ വെസ്റ്റ്, മുട്ടുകാട്, ചിറ്റുവരെ സൗത്ത്, നെറ്റിക്കുടി, സൈലന്റ് വാലി രണ്ട്, പാർവ്വതി ഹിൽസ്, ഒറ്റപ്പാറ, നടയാർ സൗത്ത്, കൊളമാങ്ക, നെറ്റിമേട്.

കുരിശുപാറ, പെട്ടിമുടി ടോപ്, രാജമല ഫാക്ടറി, തെൻമല, ലക്ഷ്മി എസ്റ്റേറ്റ്, സൈലന്റ്‌വാലി, ഗുണ്ടുമല ഫാക്ടറി, ഗുണ്ടുമല, എല്ലപ്പെട്ടി, നല്ലതണ്ണി എസ്റ്റേറ്റ്, പ്ലാമല തുടങ്ങിയ കേന്ദ്രങ്ങൾ 3ജിയിൽ നിന്നും 4ജിയിലേക്കു മാറും.

## മലങ്കര കനാലിലൂടെ ജലസേചനം തുടങ്ങി; ഇടതുകര കനാലിന്റെ ഷട്ടർ 1.5 മീറ്റർ ഉയർത്തി

**മുട്ടം:** മഴക്കുറവിനെ തുടർന്നുള്ള കൃഷിനാശം ചെറുക്കാൻ മലങ്കര കനാൽ വഴിയുള്ള ജലസേചനം ഇന്നലെ മുതൽ ആരംഭിച്ചു. ഇടതുകര കനാലിന്റെ ഷട്ടർ 1.5 മീറ്റർ ഉയർത്തിയാണ് ജലസേചനം ആരംഭിച്ചത്. മഴക്കുറവുമൂലം കൃഷി നശിക്കുകയും ശുദ്ധജലക്ഷാമം രൂക്ഷമാവുകയും ചെയ്തതോടെയാണ് വെള്ളം പുറത്തേക്ക് ഒഴുക്കാൻ തീരുമാനിച്ചത്. തെക്കുഭാഗം, ഇടവെട്ടി, കുമാരമംഗലം കല്ലൂർക്കാട് വഴി ഒഴുകുന്ന ഇടതുകര കനാൽ 30 കിലോമീറ്ററിലധികവുമാണ് ഒഴുകുന്നത്.

മൂലമറ്റം നിലയത്തിലെ വൈദ്യുതി ഉൽപാദനത്തിനുശേഷം പുറം തള്ളുന്ന ജലമാണ് മലങ്കര ജലാശയത്തിലേക്ക് എത്തുന്നത്. ജലസേചനത്തിനായി കഴിഞ്ഞ ആഴ്ച മുതൽ ഷട്ടറുകൾ അടച്ച് ജലം സംഭരിച്ച് തുടങ്ങിയിരുന്നു. ഇരു കനാലിലൂടെയും വെള്ളം ഒഴുക്കണമെങ്കിൽ ഡാമിൽ 40.5 മീറ്റർ വെള്ളമാണ് അവശ്യമായുള്ളത്. ഇന്നലെ രാവിലെ ജലനിരപ്പ് 40.70 മീറ്റർ എത്തിയതോടെയാണ് വെള്ളം തുറന്നുവിട്ടത്. വലതുകര കനാലിൽ അറ്റകുറ്റപ്പണിയുള്ളതിനാൽ അതു തുറക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

## എംവിഐപി കനാലിൽ വെള്ളമെത്തി

**തിരുമാറാടി:** പഞ്ചായത്തിലെ കർഷകർക്ക് ആശ്വാസമായി എംവിഐപി കനാലിൽ വെള്ളമെത്തി. വാളിയപ്പാടം തോട് വറ്റിയതോടെ കൃഷിയിറക്കാൻ സാധിക്കാതെ തിരുമാറാടി പഞ്ചായത്തിലെ കർഷകർ ദുരിതത്തിലായിരുന്നു. ഓഗസ്റ്റിൽ വിത്തു വിതച്ച് ജനുവരിയിൽ വിളവെടുക്കുന്ന രീതിയിലാണ് കൃഷിയിറക്കുന്നത്. എന്നാൽ വെള്ളമില്ലാത്തതിനാൽ നിലമൊരുക്കാൻ പോലും സാധിക്കാത്ത സ്ഥിതിയായിരുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി മനോരമ വാർത്ത നൽകിയിരുന്നു.

ഒരു മാസത്തോളം വൈകി കൃഷിയിറക്കേണ്ടി വരുന്നതിന്റെ ആശങ്കയിലാണ് പഞ്ചായത്തിലെ 700 ഏക്കറോളം വരുന്ന പാടശേഖരങ്ങളിലെ കർഷകർ. നേരത്തെ മൂവാറ്റുപുഴയാറിലെ ജലനിരപ്പ് താഴ്ന്നതോടെ കക്കാട് ടാങ്കിലേക്ക് വെള്ളമെത്തിക്കാൻ സാധിച്ചിരുന്നില്ല. ഇതോടെ ഇലഞ്ഞി, തിരുമാറാടി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമായിരുന്നു.

പെരിയാർ വാലി, എംവിഐപി കനാലുകളിൽ വെള്ളം തുറന്നു വിടണമെന്നും താൽക്കാലിക ചെക്ക് ഡാമുകൾ നിർമിച്ച് ജലവിതരണം സുഗമമാക്കണമെന്നും അനൂപ് ജേക്കബ് എംഎൽഎ ആവശ്യപ്പെട്ടിരുന്നു. പമ്പിങ്ങിനിടെ വൈദ്യുതി തടസ്സപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഉദ്യോഗസ്ഥരുടെ യോഗത്തിൽ എംഎൽഎ ആവശ്യപ്പെട്ടു. ജലക്ഷാമം ചൂണ്ടിക്കാട്ടി പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യാമോൾ പ്രകാശ് മന്ത്രി റോഷി അഗസ്റ്റിന് നിവേദനം നൽകിയിരുന്നു.

## ശുദ്ധജല ക്ഷാമം: കനാലുകളിലൂടെ വെള്ളം തുറന്നു വിടാൻ നിർദേശം

**പെരുമ്പാവൂർ:** കുന്നത്തുനാട് താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി താലൂക്കിലെ മുഴുവൻ കനാലുകളിലൂടെയും വെള്ളം തുറന്നു വിടാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് താലൂക്ക് വികസനസമിതി യോഗം നിർദേശം നൽകി. മഴയില്ലാതായതോടെ വരൾച്ച നേരിടുകയാണ്. കിണറുകളിൽ വെള്ളം വറ്റിത്തുടങ്ങി. കൃഷിയിടങ്ങളിലും വെള്ളമില്ല. പമ്പ് ഹൗസുകളിൽ വെള്ളമില്ലാത്തതിനാൽ പമ്പിങ് മുടങ്ങി.

പിഡബ്ല്യൂഡി. റോഡ് അറ്റകുറ്റപ്പണി, വികസനം, പിവിപി. ആരോഗ്യം, പൊലീസ്, ഫോറസ്റ്റ്, റവന്യൂ, വാട്ടർ അതോറിറ്റി എന്നീ മേഖലകളിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു. എൽദോസ് കുന്നപ്പിള്ളി എംഎൽഎ. അധ്യക്ഷത വഹിച്ചു. കുന്നത്തുനാട് തഹസിൽദാർ ജോർജ് ജോസഫ്, എൽദോ മോസസ്, മനോജ് മൂത്തേടൻ, സി.എം. കരീം, ജയ്സൺ പൂക്കുന്നേൽ, ടി.എം. അസീസ് എന്നിവർ പ്രസംഗിച്ചു.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

തപാൽ വകുപ്പിന്റെ ദീൻ ദയാൽ സ്പർഷ് ഫിലാറ്റലി സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 6000 രൂപയാണ് സ്കോളർഷിപ്പ് തുക. ആറാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ഫിലാറ്റലി ക്ലബുള്ള സ്കൂളുകൾക്ക് മുൻഗണനയുണ്ട്. ഓരോ ക്ലാസിൽ നിന്നും പത്ത് പേർക്ക് അവരുടെ പ്രകടനത്തിനനുസരിച്ച് സ്കോളർഷിപ്പിന് അർഹതയുണ്ട്. സെപ്റ്റംബർ അഞ്ചിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. പൂരിപ്പിച്ച അപേക്ഷകൾ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്, മഞ്ചേരി ഡിവിഷൻ, മഞ്ചേരി എന്ന വിലാസത്തിൽ സ്പീഡ് പോസ്റ്റിലോ രജിസ്റ്റർ ചെയ്ത തപാലിലോ മാത്രം അയക്കേണ്ടതാണ്. ഫോൺ: 8714625165.




# കമ്പനികളെ മുന്നോട്ടു നയിക്കുന്നതിൽ സി എഫ് ഒമാരുടെ പങ്ക് വലുത്

**കൊച്ചി:** പുതിയ പദ്ധതികളും കാഴ്ചപ്പാടുകളും അവതരിപ്പിക്കുന്നതിലൂടെ കമ്പനികളെ മികച്ച രീതിയിൽ മുമ്പോട്ടു കൊണ്ടുപോകാൻ ചീഫ് ഫിനാൻസ് ഓഫിസർമാർക്ക് സാധിക്കുമെന്ന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ എസ് സുഹാസ് പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് ബോൾഗാട്ടി ഗ്രാന്റ് ഹയാത്തിൽ സംഘടിപ്പിച്ച സി എഫ് ഒ റൗണ്ട് ടേബിൾ ആൻ ഇന്ററാക്ടീവ് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബജറ്റിംഗ്, ഫോർകാസ്റ്റിംഗ് തുടങ്ങി നിരവധി കാര്യങ്ങൾ സി എഫ് ഒമാർക്ക് കമ്പനികളിൽ ശ്രദ്ധിക്കാനുണ്ടെന്നും അദ്ദേഹം വിശദമാക്കി. സാമ്പത്തിക രംഗത്ത് പ്രവർത്തിക്കുന്നവർ തങ്ങളുടെ സ്ഥാപനത്തിന്റെ മികവിന് വേണ്ടിയാണ് പലപ്പോഴും നിയമം കർശനമായി പാലിക്കാൻ ശ്രമിക്കുന്നതെന്ന് എഫ് എ സി ടി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കിഷോർ റുംഗ്ത പറഞ്ഞു.

ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സാമ്പത്തിക രംഗത്തുള്ളവർ വ്യക്തമായ തീരുമാനം എടുക്കുകയും കമ്പനിയെ മുന്നോട്ടു നയിക്കാൻ പ്രാപ്തരായിരിക്കുകയും വേണം. അല്ലെങ്കിൽ കേവലം ബുക്ക് കീപ്പർമാർ മാത്രമായിരിക്കും അവരെന്നും കിഷോർ റുംഗ്ത പറഞ്ഞു.

സെൻട്രൽ കൗൺസിൽ മുൻ അംഗം എം പി വിജയകുമാർ ക്ലാസെടുത്തു. എറണാകുളം ബ്രാഞ്ച് ചെയർപേഴ്സൺ ദീപ വർഗ്ഗീസ്, മുൻ സെൻട്രൽ കൗൺസിൽ അംഗം ബാബു എബ്രഹാം കള്ളിവയലിൽ, എറണാകുളം ബ്രാഞ്ച് സെക്രട്ടറി ആനന്ദ് എ എസ് എന്നിവർ പ്രസംഗിച്ചു.

# പെൻസ്റ്റോക്ക് പൈപ്പ് തകർന്നു ഉറുമി പദ്ധതിയുടെ പ്രവർത്തനം നിലച്ചിട്ടു 2 മാസം

**തിരുവമ്പാടി:** ഉറുമി പദ്ധതി രണ്ടാംഘട്ടത്തിലെ പെൻസ്റ്റോക്ക് പൈപ്പ് തകർന്നു പദ്ധതിയുടെ പ്രവർത്തനം നിലച്ചിട്ടു 2 മാസം. ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതോൽപാദനം നിർത്തിവച്ചിരിക്കുകയാണ്. കഴിഞ്ഞ ജൂലൈ 4ന് ആണു ഡാമിൽ നിന്നു പവർ ഹൗസിലേക്ക് വെള്ളം എത്തിക്കുന്ന പെൻസ്റ്റോക്ക് പൈപ്പ് തകർന്നു പവർ ഹൗസിലെ ജനറേറ്ററുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും നാശനഷ്ടം ഉണ്ടായത്. ഓഫിസ് മുറിയിലും കൺട്രോൾ റൂമിലും ജനറേറ്റർ മുറിയിലും വെള്ളം കയറി വൻ നഷ്ടമാണു നേരിട്ടത്. വെള്ളത്തിന്റെ ശക്തമായ സമ്മർദം മൂലമാണു പൈപ്പ് പൊട്ടിയതെന്നാണു പ്രാഥമിക വിലയിരുത്തൽ. 2004ൽ കമ്മിഷൻ ചെയ്ത പദ്ധതിയിൽ പിന്നീട് കാര്യമായ അറ്റകുറ്റപണി നടത്താത്തതും അപകടത്തിനു കാരണമായി.

അപകടത്തെ തുടർന്ന്, വിദഗ്ധ സംഘത്തിന്റെ നേതൃത്വത്തിൽ പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുകയും കേടുപാടു വന്ന ഭാഗങ്ങൾ മാറ്റി സ്ഥാപിക്കാൻ നടപടിയെടുക്കുകയും ചെയ്തിരുന്നു. പവർ ഹൗസിനുള്ളിലെ യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണി അന്തിമഘട്ടത്തിലാണ്. പെൻസ്റ്റോക്ക് തകരാർ പരിഹരിക്കാം എന്നതിൽ വിദഗ്ധർ സമഗ്രപരിശോധന നടത്തി. പൈപ്പ് മൊത്തം മാറ്റണമെന്ന നിർദേശമാണു പരിശോധന കമ്മിറ്റി സമർപ്പിച്ചത്. ഇതിന്റെ വിദഗ്ധ പരിശോധനയ്ക്കും വിലയിരുത്തലിനുമായി തകർന്ന പെൻസ്റ്റോക്കിന്റെ ഒരു ഭാഗം കൊച്ചിൻ ഷിപ്‌യാഡിലേക്ക് അയച്ചിട്ടുണ്ട്. ഇതിന്റെ ഫലം കിട്ടിയാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കൂ. പെൻസ്റ്റോക്ക് പൂർണമായി മാറ്റണമെങ്കിൽ ഒരു വർഷം സമയമെടുക്കും. 50 ലക്ഷത്തിലധികം രൂപ ചെലവും വരും. 2.4 മെഗാവാട്ട് ഉൽപാദന ശേഷിയുള്ള പദ്ധതി തകർന്നതോടെ കെഎസ്ഇബിക്ക് വൻ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. ഉറുമി രണ്ടിന്റെ തകരാർ മലബാർ മേഖലയിലെ വൈദ്യുതി പ്രതിസന്ധിക്കു കാരണമായിട്ടുണ്ട്.

# 2020 വരെയുള്ള നികുതി കുടിശിക ഒഴിവാക്കാൻ നഗരസഭ; നേരത്തേ അടച്ച തുക വരും വർഷങ്ങളിലേക്കു വകയിരുത്തും

**മണ്ണാർക്കാട്:** നഗരസഭയിൽ 2020 വരെയുള്ള നികുതി കുടിശിക ഒഴിവാക്കുമെന്ന് അധ്യക്ഷൻ സി.മുഹമ്മദ് ബഷീർ. മണ്ണാർക്കാട് താലൂക്ക് വികസന സമിതി യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. 2016 മുതലുള്ള നികുതി കുടിശിക അടയ്ക്കാൻ ആവശ്യപ്പെട്ട് നഗരസഭ കെട്ടിടം ഉടമകൾക്ക് നോട്ടിസ് നൽകിയിരുന്നു. ഇതിനെതിരെ വലിയതോതിൽ പരാതി ഉയരുകയും ചെയ്തു.

നഗരസഭയിൽ വർധിപ്പിച്ച കെട്ടിട നികുതി നിയമപ്രകാരമാണോ എന്ന് പരിശോധിക്കണമെന്നു കഴിഞ്ഞ താലൂക്ക് വികസന സമിതി യോഗത്തിൽ അംഗം പി.ആർ.സുരേഷ് ആവശ്യപ്പെട്ടിരുന്നു. ഇതിനു മറുപടിയായാണ് നഗരസഭ അധ്യക്ഷൻ സി.മുഹമ്മദ് ബഷീർ ഇക്കാര്യം യോഗത്തെ അറിയിച്ചത്.

നികുതി വർധനയ്ക്ക് എതിരെ വ്യാപക പരാതി ഉയർന്ന സാഹചര്യത്തിൽ 2016 മുതൽ 2020 വരെയുള്ള നികുതി കുടിശിക പിരിക്കേണ്ടെന്നാണു തീരുമാനം. കുടിശിക അടയ്ക്കാൻ ആവശ്യപ്പെട്ട് നോട്ടിസ് അയക്കുന്നതു നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെട്ടു സെക്രട്ടറിക്കു കത്തു നൽകിയിട്ടുണ്ട്.

സർക്കാർ വർധിപ്പിച്ച 5 ശതമാനം നികുതിയും വേണ്ടെന്നു വയ്ക്കും. ജനങ്ങളുടെ മേൽ അമിതഭാരം ചുമത്തിയുള്ള വികസനം വേണ്ടെന്നാണു തീരുമാനം. വർധിപ്പിച്ച നികുതി അടച്ചവരുടെ തുക അടുത്ത വർഷങ്ങളിലെ നികുതിയിലേക്കു വരവു വയ്ക്കുമെന്നും അധ്യക്ഷൻ പറഞ്ഞു. ഇക്കാര്യങ്ങൾ കൗൺസിൽ യോഗം ചർച്ച ചെയ്തു തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കുന്തിപ്പുഴയുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തുന്ന വിധത്തിൽ പുഴയിൽ അടിഞ്ഞു കൂടിയ ചെളിയും മണ്ണും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കലക്ടർക്കു കത്തു നൽകാൻ തീരുമാനിച്ചു. മണ്ണാർക്കാട് എഇഒ ഓഫിസിനോടു ചേർന്നുള്ള ഉപയോഗശൂന്യമായ പൊലീസ് ക്വാർട്ടേഴ്സുകളിൽ നിന്ന് ഇഴ ജന്തുക്കൾ എഇഒ ഓഫിസിലേക്കും സമീപത്തെ സ്കൂളിലേക്കും എത്തുന്നതു ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഉപയോഗ ശൂന്യമായ കെട്ടിടം പൊളിച്ചു നീക്കണമെന്ന കാര്യം പൊലീസിന്റെ ശ്രദ്ധയിൽപെടുത്താനും തീരുമാനമായി. പൊലീസിൽ നിന്ന് ആരും യോഗത്തിന് എത്തിയിരുന്നില്ല. അസ്വാഭാവിക മരണങ്ങളിലെ മൃതദേഹങ്ങൾ മറ്റു സങ്കീർണതകളില്ലെങ്കിൽപോലും പോസ്റ്റ്മോർട്ടത്തിനായി ജില്ലാ ആശുപത്രിയിലേക്കു മാറ്റുന്ന താലൂക്ക് ആശുപത്രി അധികൃതരുടെ പ്രവണത അവസാനിപ്പിക്കണമെന്നു യോഗത്തിൽ ആവശ്യമുയർന്നു.

എൻ.ഷംസുദ്ദീൻ എംഎൽഎ അധ്യക്ഷനായി. നഗരസഭ അധ്യക്ഷൻ സി.മുഹമ്മദ് ബഷീർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പ്രീത, കോട്ടോപ്പാടം പഞ്ചായത്ത് പ്രസിഡന്റ് ജസീന അക്കര, താലൂക്ക് വികസന സമിതി അംഗങ്ങളായ എം.ഉണ്ണീൻ, പി.ആർ.സുരേഷ്, കെ.സന്തോഷ്, മോൻസി തോമസ്, അബ്ദുല്ല, തഹസിൽദാർ എസ്.ശ്രീജിത്ത്, ഡപ്യൂട്ടി തഹസിൽദാർ! സി.വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു.

# മത്സ്യവിത്തുൽപാദന കൃഷി

**ഇടുക്കി:** കരിമീൻ, വരാൽ മത്സ്യങ്ങളുടെ വിത്തുൽപാദന യൂണിറ്റ് ആരംഭിക്കുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും ഫിഷറീസ് വകുപ്പ് അപേക്ഷ ക്ഷണിച്ചു. കരിമീൻ വിത്തുൽപാദന യൂണിറ്റ് തുടങ്ങുന്നതിന് 37.5 സെന്റ് കുളമുള്ള കർഷകർക്കും ,വരാൽമത്സ്യ വിത്തുൽപാദന യൂണിറ്റ് തുടങ്ങുന്നതിന് 25 സെന്റ് കുളവുമുള്ള കർഷകർക്കും അപേക്ഷിക്കാം. വെള്ളപ്പേപ്പറിൽ തയ്യാറാക്കിയ അപേക്ഷക്കൊപ്പം തിരിച്ചറിയൽ കാർഡ്, ഭൂനികുതി അടച്ച രസീത് എന്നിവ ഉണ്ടാകണം. അപേക്ഷകൾ സെപ്റ്റംബർ അഞ്ചിന് മുമ്പ് ജില്ലാ ഫിഷറീസ് ഓഫീസ്, പൈനാവ് പി.ഒ. ഇടുക്കി, പിൻ 685603 എന്ന വിലാസത്തിലോ adidkfisheries@gmail.com എന്ന ഇമെയിൽ ഐഡിയിലോ ലഭിക്കണം . കൂടുതൽ വിവരങ്ങൾക്ക് ഫോൺ: ഇടുക്കി ഓഫീസ് 04862 233226, നെടുങ്കണ്ടം ഓഫീസ്94868 234505.

# പച്ചക്കറിക്കൃഷി വ്യാപനം: പദ്ധതി ധനസഹായം മുടങ്ങി; കർഷകർ ദുരിതത്തിൽ

പടിഞ്ഞാറത്തറ: പച്ചക്കറി കൃഷി വ്യാപനം പദ്ധതിയുടെ ഭാഗമായി നൽകാനുള്ള ധനസഹായം മുടങ്ങിയതോടെ കർഷകർ ദുരിതത്തിൽ. കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലയിലെ കർഷകർക്കു നൽകാനുള്ള 1.4 കോടിയോളം രൂപ കുടിശികയാണ്. ഇതോടെ പച്ചക്കറി കൃഷി വ്യാപനം പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്ത കർഷകർ വെട്ടിലായി. പദ്ധതി പ്രകാരം വ്യക്തികളും സ്ഥാപനങ്ങളും കൃഷി ചെയ്തിട്ടുണ്ട്. ശീതകാല കൃഷി, പോട്ട് കൃഷി എന്നിവ നടത്തിയതിനും പമ്പ് സെറ്റ് വാങ്ങുന്നതിനും അടക്കമുള്ള ധനസഹായവും ഇതിൽ ഉൾപ്പെടും.

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷി ഭവൻ നേതൃത്വം നൽകി ചെറുകിട കർഷകരെ കൂട്ടത്തോടെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും വൻതോതിൽ കൃഷി നടത്തുകയും ചെയ്തിരുന്നു. ധനസഹായം വൈകിയതോടെ പ്രതിഷേധവുമായി കർഷകർ കൃഷിഭവനിലെത്തുകയാണ്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പണം വാങ്ങിയാണു മിക്ക കർഷകരും കൃഷി ചെയ്തത്. ഉയർന്ന ഉൽപാദന ചെലവും ഉൽപന്നങ്ങൾക്കു വില കുറയുന്നതും കാരണം കൃഷി നഷ്ടത്തിലായതിനെത്തുടർന്നുള്ള സാമ്പത്തിക ബാധ്യത മറികടക്കാൻ കർഷകർ പെടാപ്പാടു പെടുകയാണ്. സർക്കാർ ധനസഹായം വൈകിയതോടെ വൻ സാമ്പത്തിക ബാധ്യതയിലാണു കർഷകർ. മുൻ വർഷങ്ങളിൽ ആനുകൂല്യം കൃത്യമായി ലഭിച്ചതു കാരണം കൂടുതൽ കർഷകർ പദ്ധതി പ്രകാരം കൃഷി ചെയ്തിട്ടുണ്ട്.നാലായിരത്തോളം കർഷകർക്ക് ആനുകൂല്യം ലഭിക്കാനുണ്ടെന്നാണു ഈ മേഖലയിലുള്ളവർ പറയുന്നത്. വകുപ്പ് മന്ത്രിയടക്കമുള്ള അധികൃതർക്കു നിവേദനങ്ങൾ നൽകിയിരുന്നെങ്കിലും നടപടിയുണ്ടായിട്ടില്ലെന്നു പരാതിയുമുണ്ട്. കഴിഞ്ഞ വർഷത്തെ ബാധ്യതകൾ അതേപടി തുടരുന്നതിനാൽ പുതിയതായി കൃഷിയിറക്കാനാവാതെ കുഴങ്ങുകയാണു കർഷകർ. പദ്ധതി പ്രകാരമുള്ള പച്ചക്കറി കൃഷി ഉപേക്ഷിക്കാനുള്ള ഒരുക്കത്തിലാണു കർഷകർ

# ജിസിഡിഎ ലൈഫ് മിഷൻ ഭവന പദ്ധതി ഉദ്ഘാടനം ചെയ്തു

- രണ്ടു ബ്ലോക്കുകളിലായി 83 ഫ്ളാറ്റുകൾ
- ലൈഫ് ഭവന പദ്ധതിയിൽ സംസ്ഥാന സർക്കാർ
- ചെലവഴിച്ചത് 18,000 കോടി രൂപ: മന്ത്രി എം.ബി രാജേഷ്



**കൊച്ചി:** ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ 2016 മുതൽ ഇതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ചത് 18,000 കോടി രൂപയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. പദ്ധതി പ്രകാരം ഇതുവരെ 3.48 ലക്ഷം കുടുംബങ്ങൾക്ക് വീട് ലഭിച്ചുവെന്നും ഒരു ലക്ഷം വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണെന്നും മന്ത്രി പറഞ്ഞു. എറണാകുളം പി & ടി കോളനി നിവാസികളുടെ പുനരധിവാസത്തിനായി ജിസിഡിഎസംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയുമായി സഹകരിച്ച് തോപ്പുംപടി മുണ്ടംവേലിയിൽ നിർമിച്ച ഭവന സമുച്ചയങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.വീടില്ലാത്ത ഒരാളും കേരളത്തിലുണ്ടാകരുത് എന്നതാണ് സംസ്ഥാന സർക്കാർ നിലപാട്. ആ ലക്ഷ്യം കേരളം കൈവരിക്കും. ഇതാണ് കേരളത്തിന്റെ വികസന ബദൽ എന്നും മന്ത്രി പറഞ്ഞു. വീട് നിർമ്മാണത്തിന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ തുക നൽകുന്നത് കേരളത്തിലാണ്. നാലു ലക്ഷം രൂപ. രണ്ടാം സ്ഥാനത്തുള്ള ആന്ധ്ര നൽകുന്നത് 1.8 ലക്ഷം രൂപ മാത്രമാണെന്നും മന്ത്രി പറഞ്ഞു.പി & ടി കോളനി നിവാസികൾക്ക് ഇനി സന്തോഷത്തിന്റെ ദിനങ്ങളാണ്. കോളനി നിവാസികൾക്കായി ഒരുക്കിയ പുനരധിവാസം കേരളത്തിന് മാതൃകയാണ്. 83 കുടുംബങ്ങൾ നരകതുല്യമായ ജീവിതത്തിൽ നിന്ന് അന്തസുള്ള ജീവിതത്തിലേക്ക് കടന്നിരിക്കുകയാണ്. മഴക്കാലത്ത് അഴുക്ക് വെള്ളത്തിൽ ജീവിക്കേണ്ടി വന്നവർക്ക് ഇനി ഉറക്കമില്ലാത്ത രാത്രികൾ ഉണ്ടാകില്ല. വർഷങ്ങളായ കാത്തിരിപ്പ് യഥാർഥ്യമായിരിക്കുകയാണ്. വിധിയും തലവരയും മാറ്റി കുറിക്കാൻ കഴിയുന്ന സർക്കാരാണ് കേരളം ഭരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. മുടങ്ങി പോകുമെന്ന് പലരും കരുതിയ പദ്ധതിയാണ് നിരവധി പ്രതിസന്ധികൾ തരണം ചെയ്ത് യഥാർഥ്യമായിരിക്കുന്നത്. ഇഛാശക്തിയുള്ള സർക്കാരാണ് ഭരിക്കുന്നത്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് പദ്ധതിയെന്നും മന്ത്രി പറഞ്ഞു. എല്ലാ ആധുനിക സൗകര്യങ്ങളും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. 5.8 ലക്ഷം രൂപ ചെലവിൽ തുമ്പൂർമുഴി മാതൃകയിൽ ഖര മാലിന്യ സംസ്കരണത്തിന് സൗകര്യമൊരുക്കിയിട്ടുണ്ട്. ജിസിഡിഎയുടെ 30 സെന്റ് സ്ഥലത്ത് 17 കോടി രൂപ ചെലവിൽ ഒരു എംഎൽഡി ശേഷിയുള്ള മലിനജല സംസ്ക്കരണ പ്ലാന്റും ഒരുക്കുമെന്നും കൊച്ചിയിൽ പലതും മാറ്റത്തിന്റെ പാതയിലാണെന്നും മന്ത്രി പറഞ്ഞു. മുണ്ടംവേലി ലൈഫ് ഫ്ളാറ്റുകളോടുചേർന്ന രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ കെ.ജെ മാക്സി എംഎൽഎ അധ്യക്ഷനായി. 30 കൊല്ലമായി പി & ടി കോളനിയിൽ താമസിക്കാരിയായ രഘുപതിക്ക് ആദ്യ താക്കോൽ മേയർ എം.അനിൽകുമാർ കൈമാറി. ജിസിഡിഎ ചെയർമാൻ കെ.ചന്ദ്രൻപിള്ള സ്വാഗതം ആശംസിച്ച ചടങ്ങിൽ ഹൈബി ഈഡൻ എംപി, എംഎൽഎമാരായ കെ.ബാബു, ടി.ജെ വിനോദ്, ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധി പ്രൊഫ.കെ.വി തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ്, ഡെപ്യൂട്ടി മേയർ കെ.എ അൻസിയ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.ആർ റെനീഷ്, കൗൺസിലർമാരായ ബിന്ദു ശിവൻ, മേരി കലിസ്റ്റ പ്രകാശൻ, മുൻ മന്ത്രി എസ്.ശർമ, ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ എ.ബി സാബു, എ.എസ് അനിൽ കുമാർ, അഡ്വ.കെ.കെ ഷിബു, ജനറൽ കൗൺസിൽ അംഗങ്ങളായ പി.എ പീറ്റർ, വി.എം ശശി, കെ.എം റിയാദ്, മുൻ കൗൺസിലർ ഡോ.പൂർണ്ണിമ നാരായണൻ,രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ എം.എം ഫ്രാൻസിസ്, സേവ്യർ കല്ലുവീട്ടിൽ, തൃശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് ടി.ജി സജീവ്, ജിസിഡിഎ സെക്രട്ടറി ടി.എൻ രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

## 70 സെന്റ് സ്ഥലത്ത് 83 കുടുംബങ്ങൾക്ക് പുതിയ വീട്

**കൊച്ചി:** മുണ്ടംവേലിയിൽ ജിസിഡിഎ ഉടമസ്ഥതയിലുള്ള 70 സെന്റോളം വരുന്ന ഭൂമിയിൽ പ്രീഎഞ്ചിനീയേഡ് ബിൽഡിംഗ് സ്ട്രക്ചർ (പിഇബി) എന്ന നിർമാണരീതിയിൽ രണ്ടു ബ്ലോക്കുകളിലെ നാലു നിലകളിലായാണ് ഭവന സമുച്ചയം യാഥാർത്ഥ്യമായിരിക്കുന്നത്. 200 ടൺ സ്റ്റീൽ നീർമ്മാണത്തിനായി ഉപയോഗിച്ചു. കാലങ്ങളായി കനാൽ പുറംമ്പോക്കിൽ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന 83 കുടുംബങ്ങൾക്ക് പുതിയ വീട് ലഭിക്കുന്നത്.രണ്ട് ബെഡ്റും ഒരു ലിവിംഗ് കം ഡൈനിംഗ് റൂം, കിച്ചൻ, ടോയ്ലറ്റ് എന്നിവയുൾപ്പടെ 375 ചതുരശ്ര അടി വിസ്തീർണമുള്ളതാണ് ഓരോ വീടും. ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം കോമൺ അമിനിറ്റീസായി സിക്ക് റൂം, ഡേ കെയർ സെന്റർ, അഡ്മിൻ റും റീഡിംഗ് റൂം എന്നിങ്ങനെയുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.



# കുടുംബശ്രീ ഓണ വിപണി: സംസ്ഥാനതലത്തിൽ എറണാകുളം ജില്ല മുന്നിൽ



**കൊച്ചി:** കുടുംബശ്രീ ഓണവിപണിയിൽ സംസ്ഥാനതലത്തിൽ ഏറ്റവുമധികം വിറ്റുവരവ് നേടി എറണാകുളം ജില്ല മുന്നിൽ. ആകെ 3.30 കോടി രൂപയുടെ വിറ്റുവരവ് നേടിയാണ് ജില്ല ഒന്നാമത്തെത്തിയത്. എറണാകുളം ജില്ലയിൽ ഈ വർഷം ഓണം വിപണന മേളയോട് അനുബന്ധിച്ച് 102 സി.ഡി.എസ് തല ഓണ വിപണന മേളകളാണ് സംഘടിപ്പിച്ചത്. കൂടാതെ ജില്ലാ തലത്തിൽ രണ്ട് ഉൽപ്പന്ന വിപണന മേളയും മൂന്ന് ഭക്ഷ്യ മേളയും സംഘടിപ്പിച്ചു. 2400 സംരംഭക യൂണിറ്റുകളും 1600 ജെ.എൽ.ജി യൂണിറ്റുകളും 16 കഫെ യൂണിറ്റുകളും വിപണന മേളയിൽ പങ്കെടുത്തു. വിവിധ തരം പായസങ്ങളും ഉപ്പേരിയും ശർക്കരവരട്ടിയും ആയിരുന്നു ഓണ വിപണന മേളകളിലെ താരങ്ങൾ. കുടുംബശ്രീ സംരംഭകരുടെ, മായമില്ലാത്ത നാടൻ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് പല മേളകളിലും വലിയ തിരക്ക് അനുഭവപ്പെട്ടു. ചില മേളകൾ രാത്രി വൈകിയും നീണ്ടു. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ മുൻകൂർ ഓർഡർ ഉറപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ 102 സി.ഡി.എസുകളിൽ 98 സി.ഡി.എസുകളിലും വിവിധ തുകകളുടെ കൂപ്പണുകളും ഏർപ്പെടുത്തി. എല്ലാ വർഷവും കുടുംബശ്രീ സി.ഡി.എസ് തലത്തിൽ ഓണം വിപണന മേളകൾ സംഘടിപ്പിക്കുന്നു. കുടുംബശ്രീ സംരംഭകരുടെയും പച്ചക്കറി കൃഷി ചെയ്യുന്ന ജെ.എൽ.ജി യൂണിറ്റുകളുടെയും വലിയ സാധ്യത ആണ് ഓണ വിപണി. മുഴുവൻ സംരംഭങ്ങൾക്കും ജെ.എൽ.ജി യൂണിറ്റുകൾക്കും വലിയ വിപണിയാണ് കുടുംബശ്രീ തുറന്ന് നൽകുന്നത്.സിഡിഎസ് ചെയർപേഴ്സന്മാർ, സി.ഡി.എസ് ഭരണ സമിതി അംഗങ്ങൾ, മെമ്പർ സെക്രട്ടറി, അക്കൗണ്ടന്റ്, എം.ഇ.സിമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ ഉദ്യോഗസ്ഥ സംവിധാനം എന്നിവയുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തന ഫലമായാണ് ഇത്തരത്തിൽ മുന്നേറാൻ ജില്ലയെ സഹായിച്ചത് എന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോഓഡിനേറ്റർ റ്റി.എം. റെജീന, അസിസ്റ്റന്റ് ജില്ലാ മിഷൻ കോഓഡിനേറ്റർ അമ്പിളി തങ്കപ്പൻ, ജില്ലാ പ്രോഗ്രാം മാനേജർ പി.ആർ. അരുൺ എന്നിവർ അറിയിച്ചു.

# കണയന്നൂർ താലൂക്ക് ഓഫീസ് മാറ്റം: സമയബന്ധിതമായി പൂർത്തീകരിക്കണം

**കൊച്ചി** കണയന്നൂർ താലൂക്ക് ഓഫീസ് എയർ ഇന്ത്യ ബിൽഡിങ്ങിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് താലൂക്ക് വികസന സമിതി യോഗത്തിൽ ആവശ്യപ്പെട്ടു.എയർ ഇന്ത്യ ബിൽഡിങ്ങിലെ വയറിങ് സംബന്ധമായ മറ്റു ജോലികൾക്ക് എംഎൽഎ എംപി ഫുകൾ വിനിയോഗിച്ച് ഓഫീസ് മാറ്റം പൂർത്തീകരിക്കണമെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു.കൊച്ചി നഗരപ്രദേശങ്ങളിലെ റോഡുകളിലെ വെള്ളക്കെട്ട് അടിയന്തരമായി പരിഹരിക്കണമെന്നും അരൂർ കുമ്പളം ടോൾ ബൂത്തിന് 10 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന തദ്ദേശീയർക്ക് പാസ് അനുവദിക്കണമെന്നും യോഗത്തിൽ ആവശ്യപ്പെട്ടു.മരട് ന്യൂക്ലിയസ് മാളിലെ അനധികൃത പാർക്കിംഗ് ഫീ ഒഴിവാക്കണമെന്നും യോഗത്തിൽ അഭിപ്രായം ഉയർന്നു.രാഷ്ട്രീയ കക്ഷി പ്രതിനിധി ടി എസ് ജോണിന്റെ അധ്യക്ഷതയിൽ ചേർന്ന താലൂക്ക് വികസന സമിതിയിൽ കണയന്നൂർ തഹസിൽദാർ വിനു സെബാസ്റ്റ്യൻ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# മുളന്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണം; സെപ്റ്റംബർ 4 മുതൽ റോഡ് അടയ്ക്കും

**കൊച്ചി:** മുളന്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ റോഡ് സെപ്റ്റംബർ 4 മുതൽ അടയ്ക്കും. മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റോഡ് അടയ്ക്കേണ്ടത് അത്യാവശ്യമായതിനാലാണ് നടപടി.അതിനാൽ മുളന്തുരുത്തി ഭാഗത്ത് നിന്നുള്ള വാഹനങ്ങൾ മുളന്തുരുത്തി പള്ളിത്താഴത്തു നിന്ന് തിരിഞ്ഞ് വട്ടക്കുന്ന് ജംഗ്ഷനിൽ എത്താവുന്നതും മുളന്തുരുത്തി ഭാഗത്തേക്കുള്ള വാഹനങ്ങൾ വട്ടക്കുന്ന് ജംഗ്ഷനിൽ നിന്ന് തിരിഞ്ഞു പോകാവുന്നതുമാണ്.

## ഓഫീസ് തുറന്നു



**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർ മെൻറ് ഓഫ് വുമണിന്റെ ഓഫീസ് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ നിർവഹിച്ചു. കാക്കനാട് നിർഭയ ഷെൽട്ടർ ഹോമിലാണ് ഓഫീസ് പ്രവർത്തിക്കുക.പരിപാടിയിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഡോ. പ്രേംന മനോജ് ശങ്കർ,ഐസിഡിഎസ് പ്രോഗ്രാം ഓഫീസർ കെ.ബി. സൈന,ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ കെ.കെ. ഷാജു,ജില്ലാ ശിശു സംരക്ഷണ ഓഫീസർ സിനി.കെ .എസ് എന്നിവർ പങ്കെടുത്തു.

## മെൻ ഓഫ് പ്ലാറ്റിനം ക്യാമ്പയിൻ

**തിരുവനന്തപുരം:** പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണൽ (പിജിഐ) ഇന്ത്യയുടെ മെൻ ഓഫ് പ്ലാറ്റിനം ബ്രാൻഡ് പ്രമുഖ ക്രിക്കറ്റ് താരം സൂര്യകുമാർ യാദവിനെ മുഖമാക്കി പുതിയ പ്രചാരണ പരിപാടികൾ തുടങ്ങുന്നു. ആറ് ഡിജിറ്റൽ സിനിമകൾ, ഒരു ടെലിവിഷൻ ചിത്രം, മറ്റു രൂപങ്ങളിലുള്ള പ്രചാരണങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് പുതിയ ക്യാമ്പയിൻ. എസ്കെവൈ എന്ന സൂര്യകുമാർ യാദവിന്റെ യാത്രയുടെ കഥകൾക്ക് സമാന്തരമായി മെൻ ഓഫ് പ്ലാറ്റിനം പ്രതിനിധീകരിക്കുന്ന അസുലഭമായ മൂല്യങ്ങളും ക്യാമ്പയിനിൽ ചിത്രീകരിക്കപ്പെടുന്നു. എമിനുട്ട് വിത്ത് മെൻ ഓഫ് പ്ലാറ്റിനം ഃ സൂര്യകുമാർ യാദവ് എന്ന് പേരു നൽകിയിരിക്കുന്ന പരമ്പരയിലൂടേയാണ് ഇത് കൊണ്ടുവരുന്നത്. 6 ഭാഗങ്ങളുള്ളതാണ് ഈ മിനി പരമ്പര. ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി റീട്ടെയിൽ സ്റ്റോറുകളിലും പുതിയ മെൻ ഓഫ് പ്ലാറ്റിനം ശേഖരം ലഭ്യമായിരിക്കും.

## കൃഷിവകുപ്പിന്റെ ഓണച്ചന്തയിൽ 44.35 ലക്ഷം രൂപയുടെ വിറ്റുവരവ്



**ആലപ്പുഴ:** കൃഷി വകുപ്പിന്റെ ഓണച്ചന്തകളിലൂടെ ജില്ലയിൽ 44.35 ലക്ഷം രൂപയുടെ വിറ്റുവരവ്. ഓണത്തോടനുബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഹോർട്ടികോർപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ.) എന്നിവയുമായി ചേർന്നാണ് ഓണച്ചന്തകൾ ഒരുക്കിയത്. കൃഷി വകുപ്പിന്റെ 80 വിപണികളും ഹോർട്ടികോർപ്പിന്റെ 53, വി.എഫ്.പി.സി.കെ.യുടെ 12 വിപണികളും കുടുംബശ്രീയുടെ വിപണികളുമാണ് ജില്ലയിൽ ഒരുക്കിയത്. കർഷകരിൽ നിന്ന് നേരിട്ടും ഹോർട്ടികോർപ്പ് വഴിയും സംഭരിച്ച പച്ചക്കറികളിൽ 71.189 ടൺ വിറ്റഴിച്ചു. ഇതിലൂടെ 34.04 ലക്ഷം രൂപയുടെ വരുമാനം നേടി. പൊതു വിപണിയിലെ സംഭരണ വിലയേക്കാൾ 10 ശതമാനം അധികവില നൽകിയാണ് കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ചത്. വിപണി വിലയേക്കാൾ 30 ശതമാനം വിലക്കുറവിലാണ് ഇവ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയത്.പ്രാദേശിക കർഷകരിൽ നിന്നും സംഭരിച്ച നാടൻ പച്ചക്കറികളാണ് ചന്തയിൽ വിൽപ്പന നടത്തിയത്. എല്ലാ കൃഷിഭവനുകളിലും ഓണച്ചന്ത പ്രവർത്തിച്ചു. വി.എഫ്.പി.സി.കെ.യിലൂടെ 20.69 ടൺ വിറ്റഴിച്ചു. 10.31 ലക്ഷം രൂപ വരുമാനം നേടി.

# ജീവിതം തിരിച്ചു പിടിച്ച് അവർ ഒത്തു ചേർന്നു ; ഓണം ആഘോഷിച്ചു




**കൊച്ചി :** ശ്രിയാനും, അദീപ്തയ്ക്കും, റൂബിനും, ഫെബിനും ഈ ഒത്തുചേരൽ മറക്കാൻ കഴിയില്ല. തങ്ങളുടെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ലിസി ആശുപത്രിയിലെ ഡോക്ടർമാർക്കും അധികൃതർക്കും ജീവനക്കാർക്കും ഒപ്പം ഓണാം ആഘോഷിക്കാനാണ് പരിപാടിയിൽ ആണ് അവർ ഒത്തുചേർന്നത്. ആലപ്പുഴ സ്വദേശി ശ്രിയാൻ (1), തലയോലപ്പറമ്പ് സ്വദേശി അദീപ്ത (2), തമിഴ്നാട് നീലഗിരി സ്വദേശി റൂബിൻ (14), കോട്ടയം സ്വദേശി ഫെബിൻ (16) എന്നിവർക്ക് ഏതാനും മാസങ്ങളുടെ ഇടവേളകളിൽ ആണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിയത്. ഇതിൽ റൂബിന് പിന്നീട് വൃക്ക കൂടി മാറ്റിവച്ചിരുന്നു. ഡോ. വേണുഗോപാൽ, ഡോ. ഫദ്ൽ എച്ച് വീരാൻകുട്ടി, ഡോ. ഷാജി പൊന്നമ്പത്തയിൽ, ഡോ. പ്രമിൽ കെ, ഡോ. രാജീവ്, ഡോ. വിഷ്ണു, ഡോ. രമ്യ. ആർ. പൈ, ഡോ. വിവിൻ എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിയത്. ലിസി ആശുപത്രിയിൽ വച്ച് നടന്ന ചടങ്ങിൽ ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ഓണക്കോടികൾ നൽകി. ജോ. ഡയറക്ടർ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി, ഫാ. ഡേവിസ് പടന്നക്കൽ, ഡോ. ബാബു ഫ്രാൻസിസ്, ഡോ. ജോസ് ചാക്കോ പെരിയപുറം, ഡോ. ടോണി മാമ്പിള്ളി, ഡോ. റോണി മാത്യൂ, ഡോ. ടി. കെ. ജോസഫ്, ഡോ. ജോ ജോസഫ്, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ഒത്തുചേരലിൽ ഏറ്റവും ശ്രദ്ധാകേന്ദ്രമായത് തമിഴ്നാട് നീലഗിരി സ്വദേശികളായ റൂബിനും അമ്മ വിജിലയുമാണ്. തന്റെ മകന് മൂന്ന് മാസത്തെ ഇടവേളയിൽ കരളും കിഡ്നിയും നൽകിയാണ് അമ്മ മാതൃത്വത്തിന്റെ മഹത്വം വിളിച്ചോതിയത്. അത്യപൂർവ്വമായിട്ടാണ് ഇങ്ങനെയുള്ള മഹാദാനങ്ങൾ നടക്കാറുള്ളത്.പ്രൈമറി ഹൈപറോക്സ ലൂറിയ എന്ന മാരകമായ അപൂർവ ജനിതക രോഗവുമായി തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഒരു പാവപ്പെട്ട കുടുംബത്തിലാണ് റൂബിൻ ജനിച്ചത്. ഇരുവൃക്കകളുടെയും പ്രവർത്തനം നിലച്ചെന്നും ജീവൻ നിലനിർത്താൻ അടിക്കടി ഡയാലിസിസ് ചെയ്യേണ്ടതുണ്ടെന്നും അറിഞ്ഞതോടെ കുടുംബം തകർന്നു. കരളും കിഡ്നിയും മാറ്റിവെക്കുക മാത്രമാണ് ജീവൻ രക്ഷിക്കാനുള്ള ഏക പോംവഴിയെന്ന് അവർ ഡോക്ടർമാരിൽ നിന്ന് മനസ്സിലാക്കി. തുടർന്ന് അവർ ഈ ശസ്ത്രക്രിയ നടത്തുന്ന മികച്ച ശസ്ത്രക്രിയാ വിദഗ്ധരെ അന്വേഷിച്ചു. അങ്ങനെ, അവർ ലിസി ആശുപത്രിയിലെ ഡോ. വേണുഗോപാൽ നേതൃത്വം വഹിക്കുന്ന മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് ടീമിന്റെ അടുക്കലെത്തി. അമ്മ വിജില മാത്രമാണ് പതിനാലുകാരനായ റൂബിന് ചേരുന്ന അവയവദാതാവ് എന്ന് പരിശോധനകളിലൂടെ കണ്ടെത്തി. കരളും വൃക്കയും ഒരു വ്യക്തി തന്നെ ദാനം ചെയ്യുന്നത് അത്യന്തം അപകടം നിറഞ്ഞ കാര്യമാണെന്നും ജീവന് തന്നെ ഭീഷണി ഉണ്ടാക്കാവുന്നതാണെന്നും ഡോക്ടർമാർ പറഞ്ഞെങ്കിലും തന്റെ മകന് വേണ്ടി ജീവൻ തന്നെ നൽകുവാൻ തയ്യാറാണെന്ന് പറഞ്ഞ് ആ അമ്മ അവയവങ്ങൾ ദാനം ചെയ്യാൻ മുന്നോട്ടു വരികയായിരുന്നു. ലിസി ആശുപത്രിയിലെ ഡോക്ടർമാർ കരളും വൃക്കയും മൂന്ന് മാസത്തെ ഇടവേളയിൽ മാറ്റിവയ്ക്കുകയും ചെയ്തു. ഡോ. ദാമോദരൻ നമ്പ്യാർ, ഡോ. വിജു ജോർജ് എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്.ശസ്ത്രക്രിയയ്ക്ക് ശേഷം സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയ റൂബിൻ അടുത്ത ദിവസം തന്നെ മാതാപിതാക്കൾക്കൊപ്പം തമിഴ്നാട്ടിലേക്ക് മടങ്ങും. റൂബിന്റെ കുടുംബത്തെ സഹായിക്കാൻ നിരവധി സുമനസുകളും സന്നദ്ധ സംഘടനകളും രംഗത്തെത്തിയിരുന്നു. ലിസി ഹോസ്പിറ്റൽ മാനേജ്മെന്റ് കരൾ മാറ്റിവയ്ക്കലിനുള്ള കുറഞ്ഞ പാക്കേജും, കരൾ മാറ്റിവയ്ക്കൽ കഴിഞ്ഞ് വൃക്ക മാറ്റിവയ്ക്കൽ വരെയുള്ള ഡയാലിസിസ് സൗജന്യമായി നൽകുകയും ചെയ്തു.

# ’ക്യാംപ ക്രിക്കറ്റ്’ അവതരിപ്പിച്ച് റിലയൻസ്

**കൊച്ചി/മുംബൈ:**’ക്യാംപ ക്രിക്കറ്റ്’ എന്ന പേരിൽ ഒരു പുതിയ എനർജി ഡ്രിങ്ക് അവതരിപ്പിച്ചു റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡിന്റെ (ഞഞഢഘ) ഉപസ്ഥാപനമായ റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് (ഞഇജഘ). ഒരു കാർബണേറ്റഡ് പാനീയമായ ക്യാംപ ക്രിക്കറ്റ്, നാരങ്ങയുടെ രുചിയിൽ ഇലക്ട്രോലൈറ്റുകളാൽ സമ്പുഷ്ടമാണ്. ഉന്മേഷം നൽകുന്നതിനൊപ്പം ഫലപ്രദമായ പുനർജ്ജലീകരണവും പുനരുജ്ജീവനവും ഈ പാനീയം നൽകുന്നു.ക്യാംപ എന്ന ബ്രാൻഡും ഇന്ത്യയുടെ ഏറ്റവും വലിയ അഭിനിവേശങ്ങളിലൊന്നായ ക്രിക്കറ്റ് മത്സരങ്ങളും തമ്മിൽ ശക്തമായ ബന്ധം സ്ഥാപിക്കാനാണ് ക്യാംപ ക്രിക്കറ്റ് ലക്ഷ്യമിടുന്നത് എന്ന് ആർസിപിഎൽ വക്താവ് പറഞ്ഞു. ’ഇത് നിങ്ങൾക്ക് ആവശ്യമായ ഊർജം നൽകുമെന്ന് മാത്രമല്ല, എല്ലാവരും ഇഷ്ടപ്പെടുന്ന ചെറുനാരങ്ങയുടെ ഉന്മേഷം നൽകുകയും ചെയ്യുന്നു’.ക്യാംപ ക്രിക്കറ്റ് വിവിധ അളവുകളിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകും. 20 രൂപ വിലയുള്ള സൗകര്യപ്രദമായ 250 മി.ലി പായ്ക്കിലും 30 രൂപയ്ക്ക് ലഭ്യമായ വലിയ 500 മി.ലി പായ്ക്കിലും ഇത് ലഭ്യമാണ്. കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, ഗുജറാത്ത്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ആദ്യ ഘട്ടത്തിൽ ലഭ്യമാവുക.ക്യാംപ ക്രിക്കറ്റിന്റെ അവതരണം ഇന്ത്യൻ ഉപഭോക്താക്കൾക്ക് ഉയർന്ന നില




വാരമുള്ളതും നൂതനവുമായ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്ന ആർസിപിഎല്ലിന്റെ ലക്ഷ്യവുമായി ചേർന്ന് നിൽക്കുന്നു. ക്യാംപ, റാസ്കിക്ക്, സോസ്യോ ഹജൂരി എന്നീ പാനീയങ്ങൾ ഉൾപ്പെടുന്ന ആർസിപിഎല്ലിന്റെ പാനീയ നിരയെ ശക്തിപ്പെടുത്തുകയാണ് ക്യാംപ ക്രിക്കറ്റ്.ഇൻഡിപെൻഡൻസ് എന്ന ബ്രാൻഡിന് കീഴിൽ നിത്യോപയോഗ സാധനങ്ങൾ, ലോട്ടസ് ചോക്ലേറ്റ്, ടോഫിമാൻ എന്നിവയിൽ നിന്നുള്ള രുചികരമായ ട്രീറ്റുകൾ, ശ്രീലങ്കയിൽ നിന്നുള്ള പ്രശസ്തമായ മാലിബൻ ബിസ്ക്കറ്റുകൾ, അലൻസ് ബ്യൂഗിളിൽ നിന്നുള്ള കോൺ ചിപ്സ്, ഡോസോ, എൻസോ, ഗെറ്റ് റിയൽ തുടങ്ങിയ ബ്രാൻഡുകളിൽ നിന്നുള്ള ഹോം, പേഴ്സണൽ കെയർ ഉൽപ്പന്നങ്ങളും ആർസിപിഎല്ലിന് കീഴിലുണ്ട്.

# ഹോണ്ടകാർസ് ഇന്ത്യ എച്ച്പിസിഎല്ലുമായി കൈകോർക്കുന്നു




**ന്യൂഡൽഹി:**പ്രീമിയം കാറുകളുടെ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) ഒരു ഭാരത സർക്കാർ മഹാരത്ന എനർജി കമ്പനിയായ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമായി (എച്ച്പിസിഎൽ) പങ്കാളിത്തം പ്രഖ്യാപിച്ചു. ഹോണ്ട കണക്ട് ആപ്ലിക്കേഷൻ ഉപയോക്താക്കൾക്ക് മാത്രമായി ഫ്യുവൽ റിവാർഡ് ലോയൽറ്റി പ്രോഗ്രാം അവതരിപ്പിക്കുന്നതിന്റെ ഭാഗമായാണ് എച്ച്പിസിഎല്ലുമായി പങ്കാളിത്തമെന്ന് ഹോണ്ട കാർസ് ഇന്ത്യയുടെ മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡയറക്ടർ യുയിച്ചി മുറാത പറഞ്ഞു.ഹോണ്ടാ കാർസ് നൽകുന്ന നൂതനമായ കണക്റ്റഡ് കാർ ടെക്നോളജി പ്ലാറ്റ്ഫോമായ ഹോണ്ട കണക്ട്, കാർ ലൊക്കേഷൻ, കാറിന്റെ ആരോഗ്യ നില, യാത്രാ വിശദാംശങ്ങൾ, സർവീസ് ബുക്കിംഗ്, മൈലേജ് വിവരങ്ങൾ, മറ്റു പ്രധാന അലേർട്ടുകൾ തുടങ്ങി വിവിധ സവിശേഷതകൾ നൽകുന്നു.എച്ച്പിസിഎൽന്റെ പേയ്മെന്റ് ആപ്പായ എച്ച്പി പേ ഉപഭോക്താക്കളുടെ ചലനാത്മകതയ്ക്കും ഊർജ്ജ ആവശ്യങ്ങൾക്കുമായി കോൺടാക്റ്റ്ലെസും, ഒപ്പം സ്ട്രീംലൈൻ ചെയ്ത ഡിജിറ്റൽ പേയ്മെന്റും ലോയൽറ്റി സൊല്യൂഷനും നൽകുന്നു. ഹോണ്ട ഉപഭോക്താക്കൾക്ക് ഹോണ്ട കണക്റ്റ് ആപ്പിലെ 'ഫ്യുവൽ പേ'ഓപ്ഷനിലൂടെ 'എച്ച്പി പേ' ആപ്ലിക്കേഷനായി പരിധികളില്ലാതെ എൻറോൾ ചെയ്യാനും ആനുകൂല്യങ്ങളും എച്ച്പിസിഎൽ ഫ്യുവൽ സ്റ്റേഷനുകളിൽ നിന്ന് ഇന്ധനം വാങ്ങുമ്പോൾ അധിക 25% ഇന്ധന റിവാർഡ് പോയിന്റുകൾ നേടാനും കഴിയും. എച്ച്പി റിവാർഡ് പോയിന്റുകൾ, ലോയൽറ്റി പോയിന്റുകൾ നേടുന്നതിന് ഇന്ധനം നിറയ്ക്കുന്ന സമയത്ത് ഉപഭോക്താക്കൾ അവരുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഇന്ധന സ്റ്റേഷനിൽ നൽകിയാൽ മതിയാകും. ശേഖരിച്ച ലോയൽറ്റി പോയിന്റുകൾ പിന്നീട് വാലറ്റ് ബാലൻസിലേക്ക് റിഡീം ചെയ്യാം അല്ലെങ്കിൽ പേകോഡിലേക്ക് പരിവർത്തനം ചെയ്യാം, അതായത്, ഇന്ധനം വാങ്ങുന്നതിനായി എച്ച്പിസിഎൽ ഇന്ധന സ്റ്റേഷനുകളിൽ പങ്കിടാൻ കഴിയുന്ന ഒരു അദ്വിതീയ നമ്പർ. ഈ പുതിയ സേവനം സെപ്റ്റംബർ 4 മുതൽ ഹോണ്ട കണക്ട് ആപ്ലിക്കേഷനിൽ ലഭ്യമാകും.ഉപഭോക്താക്കൾക്ക് മികച്ച ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ നൽകുന്നതിന് മാത്രമല്ല, മൂല്യവർധിത സേവനങ്ങളും ഉടമസ്ഥത അനുഭവങ്ങളും വാഗ്ദാനം ചെയ്യുന്നതിലാണ് ഹോണ്ട കാർസ് ഇന്ത്യയിൽ തങ്ങളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും യുയിച്ചി മുറാത പറഞ്ഞു.

## എൽ.എൽ.എം., പി.ജി നഴ്സിംഗ്: പ്രവേശന പരീക്ഷ 16ന്

തിരുവനന്തപുരം: സെപ്റ്റംബർ 10ന് നടത്താൻ നിശ്ചയിച്ച 202324 അധ്യയന വർഷത്തെ എൽ.എൽ.എം, പി.ജി നഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ സെപ്റ്റംബർ 16ന് തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ, ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടക്കും. എൽ.എൽ.എം പ്രവേശന പരീക്ഷ രാവിലെ 10.30 മുതൽ 12.30 വരെയും പി.ജി. നഴ്സിംഗ് പ്രവേശന പരീക്ഷ ഉച്ചയ്ക്ക് 2.30 മുതൽ 4.30 വരെയുമാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കും. പ്രോസ്പെക്ടസ്, വിജ്ഞാപനങ്ങൾ എന്നിവയ്ക്ക് www.cee.kerala.gov.in സന്ദർശിക്കണം. ഫോൺ: 0471 2525300

## പി.ജി. മെഡിക്കൽ കോഴ്സ്: രണ്ടാം ഘട്ട അലോട്ട്മെന്റ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളജുകളിലും, തിരുവനന്തപുരം റീജ്യണൽ കാൻസർ സെന്ററിലും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളജുകളിലെ പി.ജിമെഡിക്കൽ 2023 സ്റ്റേറ്റ് ക്വാട്ട സീറ്റുകളിലേക്കുമുള്ള ഓപ്ഷൻ കൺഫർമേഷൻ/രജിസ്ടേഷൻ/ഡിലീഷൻ/റീ അറേഞ്ചമെന്റ് നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടു്. വിശദവിവരങ്ങൾക്ക് www.cee.kerala.gov.in ലെ വിജ്ഞാപനം കാണുക.ഹെൽപ് ലൈൻ നമ്പർ : 0471 2525300

# എംഎസ്എം ഇ ഹെൽപ് ഡസ്ക് ഉദ്ഘാടനം ചെയ്തു



**കൊച്ചി:** എറണാകുളം ബ്രാഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ശാഖയുടേയും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ എം എസ് എം ഇ ഹെൽപ് ഡസ്ക് ഉദ്ഘാടനം എറണാകുളം ജില്ലാ കലക്ടർ എൻ എസ് കെ ഉമേഷ് നിർവഹിച്ചു. തൊഴിൽ സൃഷ്ടിക്കാൻ ഏറ്റവും ആവശ്യം എം എസ് എം ഇകളും വ്യവസായ സ്ഥാപനങ്ങളുമാണെന്ന് കലക്ടർ പറഞ്ഞു. വ്യവസായ വകുപ്പിൽ കുറച്ചു കാലം പ്രവർത്തിച്ചതിനാൽ മേഖലയുടെ പ്രശ്നങ്ങൾ തനിക്ക് തിരിച്ചറിയാനാവുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ജില്ലാ കലക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് ചെയർപേഴ്സൺ ദീപ വർഗ്ഗീസ്, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം മാനേജർ രമ ആർ, കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ടോം തോമസ്, ഐ സി എ ഐ എറണാകുളം വൈസ് ചെയർമാൻ സലീം എ, ബാബു എബ്രഹാം കള്ളിവയലിൽ എന്നിവർ പ്രസംഗിച്ചു. എറണാകുളം ഐ സി എ ഐ ഭവനിലാണ് എല്ലാ മാസവും ആദ്യത്തെ ശനിയാഴ്ച രാവിലെ 11 മണി മുതൽ ഉച്ചക്ക് ഒരു മണി വരെയാണ് എം എസ് എം ഇ ഹെൽപ് ഡസ്ക് പ്രവർത്തിക്കുക. എം എസ് എം ഇകളുമായി ബന്ധപ്പെട്ട സംശയ നിവാരണമാണ് ഹെൽപ് ഡസ്ക് വഴി ലഭ്യമാവുക.

